**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - വടകര നഗരസഭയിലെ ഹെൽത്ത് സൂപ്പർവൈസറായ ശ്രീ.കെ. ദിവാകരൻ, ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 280/17 ൽ 13.02.2017 തീയതിയിലെ വിധിന്യായം - നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ)·നം. 1692/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 24.05.2017

================================================================

**പരാമർശം :**
1) നഗരകാര്യ ഡയറക്ടറുടെ 22.07.2016 തീയതിയിലെ ഇ5-11961/16 നമ്പർ ഉത്തരവ്.
2) വടകര നഗരസഭയിലെ ഹെൽത്ത് സൂപ്പർവൈസറായ ശ്രീ.കെ. ദിവാകരൻ സർക്കാരിൽ സമർപ്പിച്ച 06.02.2017 ലെ അപ്പീൽ ഹർജി (Annexure A4).
3) ശ്രീ. കെ. ദിവാകരൻ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 280/17 ൽ 13.02.2017 തീയതിയിലെ വിധിന്യായം.
4) നഗരകാര്യ ഡയറക്ടറുടെ 28.04.2017 തീയതിയിലെ ഇ5-6522/17 നമ്പർ കത്ത്.

**ഉത്തരവ്**

തലശ്ശേരി നഗരസഭയിൽ ഹെൽത്ത് സൂപ്പർവൈസറാ യിരുന്ന ശ്രീ. കെ. ദിവാകരന് പരാമർശം 1 ലെ ഉത്തരവു പ്രകാരം നഗരകാര്യ ഡയറക്ടർ വടകര നഗരസഭയിലേയ്ക്ക് സ്ഥലം മാറ്റം നൽകിയിരുന്നു. എന്നാൽ താൻ കോഴിക്കോട് നഗരസഭയിലേയ്ക്ക് സ്ഥലം മാറ്റത്തിനാണ് അപേക്ഷിച്ചിരുന്നതെന്നും വിരമിക്കാൻ 15 മാസം മാത്രമുള്ള തനിയ്ക്ക് 2017 ജൂനുവരിയിൽ കോഴിക്കോട് നഗരസഭയിൽ വന്ന ഒഴിവിലും സ്ഥലം മാറ്റം നൽകിയിട്ടില്ല എന്നും ആയതിനാൽ തനിയ്ക്ക് കോഴിക്കോട് നഗരസഭയിൽ നിയമനം നൽകി ഉത്തരവാകുന്നതിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. കെ. ദിവാകരൻ പരാമർശം 2 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

2. മേൽ ആവശ്യം ഉന്നയിച്ചുകൊണ്ട് അപേക്ഷകൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഒ.എ. 280/17 ഫയൽ ചെയ്യുകയുണ്ടായി. ആയതിൽ പരാമർശം 3 പ്രകാരമുള്ള വിധിന്യായപ്രകാരം ശ്രീ. കെ. ദിവാകരന്റെ Annexure A4 അപേക്ഷയും, 31.07.2017 ൽ കോഴിക്കോട് നഗരസഭയിലുണ്ടാകുന്ന റിട്ടയർമെന്റ് വേക്കൻസിയിൽ തന്നെ പരിഗണിക്കണമെന്ന ടിയാളുടെ അപേക്ഷയും, സർക്കാർ പരിഗണിച്ച്, ഉത്തരവ് ലഭിച്ച് 3 മാസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്ന് ട്രിബ്യൂണൽ നിർദ്ദേശിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. കെ. ദിവാകരന്റെ അപേക്ഷ പരിശോധിച്ചതിൽ നിന്നും ടിയാൾക്ക് 32 വർഷത്തെ സേവന ദൈർഘ്യമുള്ളതായും ടിയാൾ 31.05.2018-ൽ വിരമിക്കുന്നയാളുമാണ് എന്ന് കാണുന്നു. ടിയാൾ നിലവിൽ ഹെൽത്ത് സൂപ്പർവൈസറായി കോഴിക്കോട് ജില്ലയിലെ വടകര മുനിസിപ്പാലിറ്റിയിൽ ജോലി ചെയ്തു വരികയാണ്. 04.04.2007

ലെ സ.ഉ. (എം.എസ്.) നം. 105/07/LSGD ഉത്തരവിലെ ഖണ്ഡിക 14 പ്രകാരം ' വിരമിക്കുന്നതിന് 2 വർഷം മാത്രമുള്ളവർക്ക് കഴിവതും അവരുടെ അപേക്ഷയിൽ ആവശ്യപ്പെടുന്ന സ്ഥലത്ത് നിയമനം നൽകേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്.

4. നഗരകാര്യ ഡയറക്ടറുടെ പരാമർശം 4 ലെ റിപ്പോർട്ട് പ്രകാരം കഴിഞ്ഞ 6 വർഷമായി ഹോം സ്റ്റേഷനായ കോഴിക്കോട് ജില്ലയ്ക്ക് വെളിയിൽ ജോലിനോക്കുന്ന ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. മോഹനൻ 31.03.2018-ൽ വിരമിക്കുന്ന വ്യക്തിയാണെന്നും ടിയാൾ കോഴിക്കോട്ടേയ്ക്ക് സ്ഥലംമാറ്റം ആവശ്യപ്പെട്ടിരിക്കുകയാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ ടിയാൾ 6 വർഷത്തോളമായി കോഴിക്കോട് ജില്ലയ്ക്ക് പുറത്ത് ജോലി നോക്കി വരികയുമാണ്. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിലെ പെറ്റീഷനറായ ശ്രീ. ദിവാകരന്റെ ഹോം സ്റ്റേഷൻ വടകരയാണെന്നും അവിടെത്തന്നെയാണ് ടിയാൻ ഇപ്പോൾ ജോലി നോക്കുന്നതെന്നും റിപ്പോർട്ടിൽ പരാമർശമുണ്ട്. ഇവരുടെ കോഴിക്കോട് കോർപ്പറേഷനിലേയ്ക്കുള്ള നിയമനത്തിനുള്ള യോഗ്യതയും അർഹതയും ഒഴിവിന്റെയും കൂടി അടിസ്ഥാനത്തിൽ പരിഗണിക്കുന്നതാണെന്നും നഗരകാര്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

5. മേൽ സാഹചര്യത്തിൽ 31.07.2017 ൽ കോഴിക്കോട് നഗരസഭയിലുണ്ടാകുന്ന ഒഴിവ് നികത്തുന്ന അവസരത്തിൽ (ജനറൽ ട്രാൻസ്ഫർ 2017) പരാതിക്കാരനായ ശ്രീ.കെ. ദിവാകരന്റെ അപേക്ഷ, ടിയാളുടെ യോഗ്യതയുടെയും അർഹതയുടെയും നിലവിലുള്ള ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ പരിഗണിച്ച് തീരുമാനമെടുക്കണമെന്ന് നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ശ്രീ. കെ. ദിവാകരന്റെ പരാമർശം 2 പ്രകാരമുള്ള അപ്പീൽ ഹർജി തീർപ്പാക്കുന്നു.

6. ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 3 പ്രകാരമുള്ള വിധിന്യായത്തിലെ നിർദ്ദേശം മേൽപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ഷിബു. എ.റ്റി.,**
**അണ്ടർ സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ. കെ. ദിവാകരൻ, ഹെൽത്ത് സൂപ്പർവൈസർ, വടകര.
(നഗരകാര്യ ഡയറക്ടർ മുഖേന)
എക്സി. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ.**